# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 193 19.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യിൽ സ്വകാര്യപങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>" എ. എം. ആരിഫ് :<br>" വി. ചെന്താമരാക്ഷൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ പങ്കാളിത്തം സ്വീകരിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി -ൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനും ബസ് ഡിപ്പോകളുടെ നിർമ്മാണത്തിനും ഏതെല്ലാം രീതിയിലുള്ള സ്വകാര്യപങ്കാളിത്തമാണ് ഉദ്ദേശിക്കുന്നത്; | | |
| (സി) | കെ.എസ്.ആർ.ടി.സി. യിൽ കൂടുതൽ മൂലധനം നിക്ഷേപിച്ച് ഇവ സ്വന്തം നിലയിൽ വികസിപ്പിക്കാൻ തയ്യാറാകുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യവികസനം ഉൾപ്പെടെയുള്ള വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2012 - 13 സാമ്പത്തിക വർക്ഷത്തിൽ 57.07 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ, കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യപ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഇതിന്റെ ആദ്യഘട്ടത്തിൽ 30 ബസ് സ്റ്റേഷനുകളിലും, രണ്ടാം ഘട്ടത്തിൽ 29 ബസ് സ്റ്റേഷനുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിലവിൽ KTDFC യുടെ സഹകരണത്തോടെ 4 സ്ഥലങ്ങളിൽ ബസ് ടെർമിനൽ കം കൊമേഴ്സ്യൽ കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. |

| | | |
|---|---|---|
| | | കൂടാതെ പലിശ രഹിത നിക്ഷേപ പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി സ്വന്തമായി തന്നെ ഇത്തരം 3 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും, മറ്റ് 4 സ്ഥലങ്ങളിൽ ഇത്തരം പദ്ധതികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ